"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പഠനമുറി പദ്ധതി നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.14/2026/SCSTD തീയതി,തിരുവനന്തപുരം, 18-08-2026

പരാമർശം:-

1. സ.ഉ (അച്ചടി) നം. 13/2017/പ.ജ.പ.വ.വി.വ തീയതി 30.12.2017
2. സ.ഉ(സാധാ) നം. 541/2019/പ.ജ.പ.വ.വി.വ തീയതി 21.06.2019
3. സ.ഉ(അച്ചടി) നം. 3/2022/പ.ജ.പ.വ.വി.വ തീയതി 25.03.2022
4. സ.ഉ(പി) നം. 5/2022/പ.ജ.പ.വ.വി.വ തീയതി 05.12.2022
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.07.2026 തീയതിയിലെ SCDD/6898/2025-B2 (DEV B) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്ത 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 120 ചതുരശ്ര അടി വലിപ്പമുള്ള പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി പരാമർശം (1) പ്രകാരം നടപ്പിലാക്കിയിരുന്നു. തുടർന്ന് ഗവൺമെന്റ് എയ്ഡഡ് സ്പെഷ്യൽ /ടെക്നിക്കൽ സ്കൂളുകളിൽ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യർത്ഥികൾക്കും കേന്ദ്രീയ വിദ്യാലയങ്ങളിൽ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പഠനമുറി ധനസഹായം പരാമർശം (2), (3) പ്രകാരം അനുവദിച്ചിരുന്നു. പട്ടികജാതി വികസന വകുപ്പ് മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പല ഉത്തരവുകളും കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പഠനമുറി പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി പരാമർശം (4) പ്രകാരം വരുത്തിയിട്ടുണ്ട്.

2. പഠനമുറി പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 സ്ക്വയർ ഫീറ്റിൽ താഴെ ആയിരിക്കണം എന്ന വ്യവസ്ഥയുള്ളതിനാൽ പ്രസ്തുത വിസ്തീർണ്ണത്തിൽ നേരിയ വർദ്ധനവുണ്ടാകുന്ന വീടുകളിലെ അർഹതപ്പെട്ട പല കുട്ടികൾക്കും പ്രസ്തുത ആനുകൂല്യം ലഭിക്കാതെ വരുന്നതായും ആയതിനാൽ 800 സ്ക്വയർ ഫീറ്റിൽ നിന്ന് 1000 സ്ക്വയർ ഫീറ്റ് ആയി വർദ്ധിപ്പിച്ച് നിലവിലെ ഉത്തരവുകളിൽ ഭേദഗതി വരുത്തണമെന്ന്

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 1000 പഠനമുറികൾ 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പഠനമുറി പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 സ്ക്വയർ ഫീറ്റിൽ നിന്ന് 1000 സ്ക്വയർ ഫീറ്റ് ആയി വർദ്ധിപ്പിച്ച് നിലവിലെ മാനദണ്ഡങ്ങളിൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ & ആർ സെക്ടർ) കേരള,
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
H Suni
Date: 19-08-2026
11:48:54
സെക്ഷൻ ഓഫീസർ